# CHAPTERWISE QUESTION

**Class X** | **MALAYALAM** | **Time : 1½ hr**

## കടൽത്തീരത്ത്

**Marks : 50**

**I.** **താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

കേരളീയ കലകളുടെ നടുനായകമായ കലയാണ് കഥകളി. സർവജനസമാരാധ്യമായ വിശ്വകലയായി അതിനെ പരിപോഷിപ്പിച്ച് പ്രചാരം നേടിക്കൊടുത്തത് വള്ളത്തോളാണ്. അദ്ദേഹം സ്ഥാപിച്ച 'കേരള കലാമണ്ഡലം' കഥകളി എന്ന കലാരൂപത്തെ ക്ഷയിച്ചുപോകാതെ സംരക്ഷിക്കുകയും നിരന്തരമായ പരിശ്രമത്തിലൂടെ അഖിലലോക പ്രശസ്തി നേടിക്കൊടുക്കുകയും ചെയ്തു.

നൃത്തവും നൃത്യവും നാട്യവും ഒത്തുചേർന്ന കലയാണ് കഥകളി. കൈകാലുകളും ശരീരവും കണ്ണുകളും താളത്തിനൊത്ത് ചലിപ്പിക്കുന്നതാണ് നൃത്തം. സന്തോഷപ്രകടനമാണ് നൃത്തത്തിന്റെ ലക്ഷ്യം. നൃത്തത്തിന്റെ ഉയർന്ന രൂപമാണ് നൃത്യം. കൈമുദ്രകൾ ഉപയോഗിച്ച് ആശയം പ്രകടിപ്പിക്കുന്നതിനാണ് നൃത്യം എന്നു പറയുന്നത്. കണ്ണ്, പുരികം, ചുണ്ട്, കവിൾ, താടി തുടങ്ങിയ മുഖഭാഗങ്ങൾ ഫലപ്രദമായി ഉപയോഗിച്ച് നവരസങ്ങളിൽ ഓരോന്നും അഭിനയിക്കുന്നതാണ് നാട്യം. എന്നാൽ കഥകളി വേഷത്തിന്റെ മുഖച്ചമയംകൊണ്ട് മുഖത്തെ രസഭാവങ്ങൾ പ്രകടിപ്പിക്കുവാൻ പരിമിതിയുണ്ടെന്നും ഓർക്കണം. ഭരതന്റെ നാട്യശാസ്ത്രമാണ് കഥകളിമുദ്രകൾക്ക് അടിസ്ഥാനം. എങ്കിലും കഥകളിനടന്മാർ പ്രധാന പ്രമാണമായി കണക്കാക്കുന്ന ഗ്രന്ഥം 'ഹസ്തലക്ഷണ ദീപിക'യാണ്. കൂടിയാട്ടത്തിന്റെ ആവശ്യത്തിനുവേണ്ടി അജ്ഞാതനാമാവായ ഒരു കേരളീയ പണ്ഡിതൻ രചിച്ച കൃതിയാണ് 'ഹസ്തലക്ഷണദീപിക'. ഭരതന്റെ നാട്യശാസ്ത്രത്തിന്റെ ഉള്ളടക്കം തന്നെയാണ് ഈ കൃതിയിലെയും വിഷയം. എങ്കിലും നിർവചനത്തിലും പ്രയോഗത്തിലും ചില വ്യത്യാസങ്ങൾ വരുത്തിയിട്ടുണ്ട്. **5 × 2 = 10**

1. കഥകളിയുടെ സവിശേഷത എന്തെല്ലാം?
2. നൃത്തത്തിന്റെ ലക്ഷ്യം എന്ത്?
3. എന്താണ് നാട്യം?
4. എന്താണ് ഹസ്തലക്ഷണ ദീപിക?
5. കഥകളി മുദ്രകൾക്ക് അടിസ്ഥാനമെന്ത്?

**II.** **താഴെ തന്നിരിക്കുന്നവയിൽ ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക.** **10 × 1 = 10**

1. താഴെ തന്നിരിക്കുന്ന വാക്കുകളിൽനിന്ന് പുഴയുടെ പര്യായമല്ലാത്ത പദം കണ്ടെത്തിയെഴുതുക.

   (തടിനി, സൈകതം, നിമ്നഗ)

2. വിപരീതപദം കണ്ടെത്തുക - അർഹം

   (അർഹിക്കാത്തത്, അനർഹം, സ്തുത്യർഹം)

3. പര്യായം കണ്ടെത്തുക - വാക്ക്

   (വസനം, മധുപം, വാണി, ഉക്തി)

4. 'ശോകം, വ്യഥ, സങ്കടം' എന്നിവ ചുവടെ കൊടുത്തിരിക്കുന്നവയിൽ ഏതിന്റെ പര്യായം ആണ്?

(ദുഃഖം, യാത്ര, ചുമൽ, ശ്രദ്ധ)

5. 'കടൽ' എന്ന പദത്തിന്റെ പര്യായപദമല്ലാത്തത് ഏത്?

(യാനം, സാഗരം, സിന്ധു, പാരാവാരം)

6. ചാരുന്നതിനുള്ള പടി ഒറ്റപ്പദമാക്കിയാൽ താഴെ കൊടുത്തിരിക്കുന്നവയിൽ ശരിയായത് ഏത്?

(ചാരിയപടി, ചാരുപടി, ചാരിപടി, ചാരപ്പടി)

7. 'മണ്ണാൻ' എന്ന പദത്തിന്റെ എതിർലിംഗം ഏത്?

(മണ്ണാൻമാർ, മണ്ണാത്തി, മണ്ണാത്തികൾ)

8. താഴെ തന്നിരിക്കുന്നവയിൽ ശരിയായ പദം കണ്ടെത്തി എഴുതുക.

(ദൈവസാന്ദ്രം, ധൈവസാദ്രം, ദൈവസാദ്രം)

9. 'രഹിതം' എന്ന പദത്തിന്റെ വിപരീതപദം ഏത്?

(വിരഹിതം, സമീപം, അരഹിതം, സഹിതം)

10. 'നിറവ്' എന്നതിന്റെ നാനാർത്ഥപദമല്ലാത്തത് ഏത്?

(ഹൃദ്യമായ, പൂർണ്ണത, തൃപ്തി, ഐശ്വര്യം)

**III.** **ബ്രാക്കറ്റിൽ നിന്നും ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക.** **3 × 2 = 6**

1. a. കടൽത്തീരത്ത് എന്ന കഥയിൽ പൊതിച്ചോറിന് സംഭവിക്കുന്ന പരിണാമം എന്ത്?

   (പുളിച്ചുപോകുന്നു, ബലിച്ചോറായി, കണ്ടുണ്ണിക്ക് ആഹാരമായി)

   b. കടൽത്തീരത്ത് എന്ന കഥയിൽ ഉപയോഗിച്ച ബിംബങ്ങൾ അല്ലാത്തത് ഏത്?

   (കടൽ, ബലികാക്ക, കാറ്റ്, തീവണ്ടി, പാറാവുകാരൻ)

2. **'ഒരു കുട്ടിയുടെ നിസ്സഹായതയോടെ അയാൾ പാറാവുകാരന്റെ മുമ്പിൽ നിന്നു.'**

   a) പാറാവുകാരൻ എവിടെവച്ചാണ് അയാളെ തടഞ്ഞത്?

   (തീവണ്ടിയാപ്പീസിന്റെ മുൻപിൽ, കമ്പാർട്ടുമെന്റിന്റെ മുൻപിൽ, ജയിലിന്റെ പടിക്കൽ)

   b) വെള്ളായിയപ്പൻ പാറാവുകാരന്റെ മുൻപിൽ നിന്നതെങ്ങനെ?

   (ധാർഷ്ട്യത്തോടെ, ദൈന്യതയോടെ, ഒരു കുട്ടിയുടെ നിസ്സഹായതയോടെ)

3. **"വെള്ളായിയപ്പന്റെ കൈപ്പടം പൊതിച്ചോറിലമർന്നു."**

   a) വെള്ളായിയപ്പൻ ആ ചോറ് കഴിക്കാതിരുന്നത് എന്തുകൊണ്ട്?

   (വിശപ്പില്ലാത്തതിനാൽ, സമയം കിട്ടാത്തതിനാൽ, മകനു കൊടുക്കാനായി കരുതിവ ച്ചതായതിനാൽ)

b) പാഠഭാഗത്ത്, പൊതിച്ചോറിന് പകരം ഉപയോഗിച്ചിരിക്കുന്ന വാക്ക് ഏത്?

(വഴിച്ചോറ്, ഭക്ഷണം, പാഥേയം)

4. **"വഴിയിൽ പിന്നെയും ഒരഭിമുഖം."**

a) ആദ്യത്തെ അഭിമുഖത്തിൽ കണ്ടതാരെ?

(കുട്ട്യസ്സൻമാപ്പിള, നാകേലച്ചൻ, കോമ്പിപ്പൂശാരി, വെള്ളായിയപ്പൻ)

b) രണ്ടാമത്തെ അഭിമുഖം ആരുമായിട്ടായിരുന്നു?

(നീലിമണ്ണാത്തി, ഗുമസ്തൻ, കാരണവർ)

**IV. ബ്രാക്കറ്റിൽ നിന്നും ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക. 2 × 4 = 8**

1. **"വെള്ളായിയപ്പൻ പുറത്തുവരുന്നു. അയാൾക്കുപിന്നിൽ ഇരുമ്പഴിവാതിൽ അടയുന്നു."**

a. വെള്ളായിയപ്പൻ എവിടെ നിന്നാണ് പുറത്തേക്ക് വന്നത്?

(തീവണ്ടി ആപ്പീസിൽ നിന്ന്, ജയിലിൽ നിന്ന്, ശ്മശാനത്തിൽ നിന്ന്)

b. 'ഇരുമ്പഴിവാതിൽ' - വിഗ്രഹിച്ചെഴുതുന്നതെങ്ങനെ?

(ഇരുമ്പഴിയും വാതിലും, ഇരുമ്പിന്റെ വാതിൽ, ഇരുമ്പഴിയുള്ള വാതിൽ)

c. ജയിലധികൃതരിൽ നിന്ന് വെള്ളായിയപ്പന് കിട്ടിയ കത്തിലെ ഉള്ളടക്കം എന്തായിരുന്നു?

(മകനെ വന്ന് കാണണം, മകന്റെ വധശിക്ഷ നടപ്പാക്കുന്നത്, ആരാച്ചാരുടെ സംഘർഷങ്ങൾ)

d. "വികാരം ഭാഷയെ അപ്രസക്തമാക്കുന്നു"- ഇതിന് അനുയോജ്യമായ കടൽത്തീരത്ത് എന്ന കഥയിലെ സന്ദർഭമേത്?

(പാറാവുകാരന്റെ ദയ, കണ്ടുണ്ണിയുടെയും അപ്പന്റെയും വിളികൾക്കിടയിലെ മൗനം, കണ്ടുണ്ണിയുടെ നിരപരാധിത്തം)

2. **"കൈയിൽ ഘടികാരമില്ലെങ്കിലും ഒരു കർഷകന്റെ ജന്മസിദ്ധിയിലൂടെ വെള്ളായിയപ്പൻ സമയം അറിഞ്ഞു."**

a) ഈ വാക്യത്തിൽനിന്നും മനസ്സിലാക്കാൻ കഴിയുന്നത് എന്ത്?

(വെള്ളായിയപ്പന് അക്ഷരാഭ്യാസമില്ലായിരുന്നു, വെള്ളായിയപ്പന് വാച്ച് ഇല്ലായിരുന്നു, പ്രകൃതിയുടെ ഭാവമാറ്റങ്ങൾ വെള്ളായിയപ്പന് സമയബോധം നൽകുന്നു)

b) 'കർഷകന്റെ ജന്മസിദ്ധി' എന്ത്?

(പ്രകൃതിയുടെ ഭാഗമായി ജീവിക്കാൻ കഴിയുന്നു, നിഷ്കളങ്കത എപ്പോഴും സൂക്ഷിക്കാൻ കഴിയുന്നു, പ്രകൃതിയുടെ താളം മനസ്സിലാക്കി ജീവിക്കാൻ കഴിയുന്നു)

c) നിസ്സഹായന്റെ നിലവിളിയായി കഥാന്ത്യത്തിൽ അനുഭവപ്പെടുന്നത്?

(തൂക്കുകയർ, ബലിച്ചോറ്, പൊതിച്ചോറ്)

d) ഒ.വി. വിജയന്റെ മാസ്റ്റർപീസായി അനുവാചകരും നിരൂപകരും ഒരുപോലെ കരുതുന്നത്?

(ഗുരുസാഗരം, ഇതിഹാസത്തിന്റെ ഇതിഹാസം, ഖസാക്കിന്റെ ഇതിഹാസം)

3. **"വീട്ടാത്ത കടം പടച്ചവന്റെ സൂക്ഷിപ്പുകളാണ്."**

a) ഈ വാക്യത്തിലെ ധ്വനി എന്ത്?

(നാം കടം വീട്ടിത്തീർക്കണം, കടങ്ങൾ വീട്ടിത്തീർക്കാതിരിക്കുന്നത് ദോഷമാണ്, വീട്ടിത്തീർക്കാനുള്ള കടങ്ങളുമായാണ് ഓരോ മനുഷ്യരുടെയും ഓരോ യാത്രയും)

b) കാറ്റ് നിറസാന്നിധ്യമാകുന്ന ഒ.വി. വിജയന്റെ കഥ?

(ഖസാക്കിന്റെ ഇതിഹാസം, കാറ്റു പറഞ്ഞകഥ, ഒരു നീണ്ടരാത്രിയുടെ ഓർമ്മയ്ക്കായി)

c) വെള്ളായിയപ്പനും ആരുമായും ഉള്ള സംഭാഷണമാണ് ഇത്?

(നീലിമണ്ണാത്തി, മരയ്ക്കാർ, കോമ്പിപ്പൂശാരി)

d) ഈ സംഭാഷണം എവിടെ വച്ചായിരുന്നു?

(വീട്ടിൽവച്ച്, തീവണ്ടിയാഫീസിൽ വച്ച്, പാഴുതറ ഗ്രാമത്തിൽനിന്നും തീവണ്ടിയാപ്പീസിലേയ്ക്കുള്ള വഴിയിൽ വച്ച്)

4. **"പട്ടകളിൽ കാറ്റിരമ്പുന്നത് അന്നാദ്യമായി വെള്ളായിയപ്പന് അപരിചിതമായി തോന്നി."**

a) ഈ വരികളിലൂടെ നമുക്കു മനസ്സിലാക്കാൻ കഴിയുന്ന കഥയുടെ പ്രത്യേകത എന്ത്?

(ശക്തമായ കാറ്റുണ്ടായിരുന്നു, വെള്ളായിയപ്പന് കാറ്റ് ഇഷ്ടമായിരുന്നില്ല, ഒ.വി. വിജയന്റെ കഥകളിലെ നിറസാന്നിദ്ധ്യമാണ് കാറ്റ്)

b) മകനെ കാണാനുള്ള യാത്രയിൽ കാറ്റ് വെള്ളായിയപ്പന് അനുഭവപ്പെട്ടതെങ്ങനെ?

(ആശ്വാസമായി, അപരിചിതമായി, ഭീതിയായി)

c) കാറ്റ് നിറസാന്നിദ്ധ്യമായി വരുന്ന ഒ.വി. വിജയന്റെ മറ്റൊരു കഥ ഏത്?

(ഇനി ഞാനുറങ്ങട്ടെ, കാറ്റുപറഞ്ഞ കഥ, ജലം)

d) ഒ.വി. വിജയന്റേതല്ലാത്ത കൃതി ഏത്?

(ഗുരുസാഗരം, ഖസാക്കിന്റെ ഇതിഹാസം, ആവിലായിലെ സൂര്യോദയം)

**V. a) പ്രയോഗം മാറ്റുക.** **2 × 2 = 4**

i) 'ഒ.വി. വിജയൻ ഖസാക്കിന്റെ ഇതിഹാസം എന്ന നോവൽ എഴുതി'.

ii) 'മകന്റെ മൃതദേഹം വെള്ളായിപ്പനാൽ ഏറ്റുവാങ്ങപ്പെട്ടു'.

b) **വിധിവാക്യത്തെ അർത്ഥവ്യത്യാസമില്ലാതെ നിഷേധവാക്യമാക്കി മാറ്റുക.**

i) പാറാവുകാരന്റെ മുഖം പൊടുന്നനെ കനിവുറ്റതാക്കി.

ii) പാഴുതറയുടെ നെടുവരമ്പ് കടന്നാൽ ലോകം മുഴുവൻ അപരിചിതമാണ്.

**VI. ഉത്തരമെഴുതുക.** **4 × 3 = 12**

1. കൈയിൽ ഘടികാരമില്ലെങ്കിലും ഒരു കർഷകന്റെ ജന്മസിദ്ധിയിലൂടെ വെള്ളായിയപ്പൻ സമയം അറിഞ്ഞു. - ആശയഭംഗി കുറിക്കുക.

2. വെള്ളായിയപ്പൻ നിരക്ഷരനാണ്. എന്നാൽ സ്ഥലകാലങ്ങൾക്കനുസരിച്ച് അയാൾ പ്രതികരിക്കുന്നു. പ്രവർത്തിക്കുന്നു. വിശദീകരിക്കുക.

3. 'ഈ പുലർച്ചെ ആരാ വരാമ്പറഞ്ഞത്'? പാറാവുകാരൻ പരുക്കനായി പറഞ്ഞു.

   "ആപ്പീസ് തൊറക്കട്ടെ."

   ഏതോ ശീലത്തിന്റെ സ്വാധീനത്തിൽ പാറാവുകാരൻ കടലാസ് നിവർത്തി നോക്കി. പാറാവുകാരന്റെ മുഖം പൊടുന്നനെ കനിവുറ്റതായി.

   - പാറാവുകാരന്റെ ഈ മനോഭാവത്തിന്റെ കാരണം സന്ദർഭം വിശകലനം ചെയ്ത് കണ്ടെത്തുക.

4. - തുവർത്തിൽ കെട്ടിയ പൊതിച്ചോറിന്റെ കഞ്ഞിനനവ് കൈയിൽ തട്ടി.
   - ഇനി നിനക്കു തരാൻ എന്റെ കൈയിൽ ഇതു മാത്രമേയുള്ളു.
   - കോടച്ചി കെട്ടിത്തന്ന പൊതിച്ചോറാണ്. വെള്ളായിയപ്പൻ പൊതിയഴിച്ചു. പൊതിച്ചോറിന് കഥയിൽ ഒരു സവിശേഷ സ്ഥാനമുണ്ട്. സന്ദർഭങ്ങൾ വിശകലനം ചെയ്ത് നിരൂപണം തയ്യാറാക്കുക.

5. "ജയിലിലിക്ക് ഏതിയാണ് വഷി?" ഭാഷാപരമായ സവിശേഷതകൾ കുറിക്കുക?